**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** — **07-02-2023 - ൽ മറുപടിയ്ക്ക്**

**നെല്ലിയാമ്പതി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെല്ലിയാമ്പതി ടൂറിസം പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | **നെല്ലിയാമ്പതി ടൂറിസം പദ്ധതിക്കായി 17.08.2020 ലെ സ.ഉ.(സാ.ധാ) നം. 271/2020/TSM പ്രകാരം 5,13,00,000/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.** |
| (ബി) | ടെൻഡർ നടപടികൾ പൂർത്തീകരിച്ച പ്രസ്തുത പ്രവൃത്തി നാളിതുവരെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദാമാക്കുമോ; | (ബി) | പദ്ധതിയ്ക്ക് വനംവകുപ്പിന്റെ അനുമതി ലഭിക്കേണ്ടിയിരുന്നു. |
| (സി) | നിലവിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) | വനം വകുപ്പിന്റെ അനുമതിക്കായി നിരവധി ഉന്നതതല മീറ്റിങ്ങുകൾ നടത്തിയിരുന്നു. നെല്ലിയാമ്പതിയിലെ പരിസ്ഥിതിക്ക് ദോഷകരമാവാത്ത രീതിയിൽ കൂടുതൽ അടിസ്ഥാന വികസന പദ്ധതികൾ വിനോദസഞ്ചാര വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പാക്കാവുന്നതാണ് എന്നും നെല്ലിയാമ്പതി പഞ്ചായത്തിന്റെ അധീനതയിൽ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി പരിസ്ഥിതിക്ക് കോട്ടം തട്ടാതെ തന്നെ വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ് എന്നും വനംവകുപ്പ് സമ്മതിച്ചിട്ടുണ്ട്. വനംവകുപ്പിന്റെ കൂടി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ